# Deepika

## 18 July 2018

## Kochi, Rain, Spreading of Epidemic



# മഴയ്ക്കു പിന്നാലെ പകർച്ചവ്യാധികളും

**ഈമാസം ഇതുവരെ 10,898 പേർ പനി ബാധിച്ചു ചികിത്സ തേടി**

**കൊച്ചി:** മഴയ്ക്കൊപ്പം പെയ്തിറങ്ങിയ ദുരിതത്തിനൊപ്പം പനിയും പകർച്ചവ്യാധിയും ജില്ലയിൽ വ്യാപകമാകുന്നതായി റിപ്പോർട്ട്. ഈ മാസം ഇതുവരെ 10,898 പേർ പനി ബാധിച്ച് ചികിത്സ തേടിയതായാണ് കണക്കുകൾ. ഇക്കാലയളവിൽ 71 പേർ ഡെങ്കിപ്പനി ബാധിച്ച് ചികിത്സ തേടി. 2021 പേർക്ക് വയറിളക്കം പിടിപെട്ടു. 55 പേർക്ക് ചിക്കൻ പോക്സും ആറു പേർക്ക് മലേറിയയും പിടിപെട്ടു. ഈ വർഷം ആകെ 96,650 പേരാണ് പനി ബാധിച്ച് ചികിത്സ തേടിയത്. ജില്ലയിലെ സർക്കാർ ആശുപത്രിയിലെ മാത്രം കണക്കാണിത്. ജില്ലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ മുന്നിൽ രണ്ടും സ്വകാര്യ ആശുപത്രികളാണ്. ഇവിടെ ചികിത്സ തേടിയവരുടെ കണക്കുകൾ കൂടി എടുത്താൽ രോഗ ബാധിതരുടെ എണ്ണത്തിൽ വലിയ വ്യത്യാസം വരും.

നാലു ദിവസമായി തുടരുന്ന കനത്ത മഴയിൽ ജില്ലയിലെ താഴ്ന്ന പ്രദേശങ്ങൾ മുഴുവൻ വെള്ളത്തിലാണ്. വെള്ളക്കെട്ടിനൊപ്പം ഒഴുകിയെത്തിയ മാലിന്യങ്ങൾ വീടിനുള്ളിലും പരിസരത്തുമായി കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ട്. പെരിയാറിന്റെയും മൂവാറ്റുപുഴയാറിന്റെയും തീരങ്ങളിലെ വീടുകളും ചെല്ലാനം ഉൾപ്പെടെയുള്ള തീരദേശങ്ങളിലെ വീടുകളിലും വെള്ളം കയറി. ഇവിടങ്ങളിലെ കുടുംബങ്ങൾ പകർച്ചവ്യാധി ഭീഷണിയിലാണ്. താഴ്ന്ന പ്രദേശങ്ങളിലെ കോളനികളും വെള്ളത്തിനടിയിലായി. നഗരത്തിൽ മലിനമായ ഓടകൾ നിറഞ്ഞ് വെള്ളം റോഡിലേക്ക് ഒഴുകി പരന്ന അവസ്ഥയിലാണ്. പ്രധാന ജംഗ്ഷനുകളിലെല്ലാം ഇതാണ് അവസ്ഥ. അതുകൊണ്ട് തന്നെ വലിയ പകർച്ചവ്യാധി ഭീഷണിയാണ് നിലനിൽക്കുന്നത്.

ജില്ലയിലെ നിരവധി പ്രദേശങ്ങൾ വെള്ളത്തിലായ സാഹചര്യത്തിൽ പകർച്ചവ്യാധികൾ പിടിപെടാനുള്ള സാഹചര്യം കണക്കിലെടുത്ത് ആരോഗ്യ വിഭാഗം പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് ഡിഎംഒ ഡോ. എം. കെ. കുട്ടപ്പൻ പറഞ്ഞു.